ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ വകുപ്പ്മൂന്നാം നില ,
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഇ2-11421/2019/സിഇ/തസ്വഭവ

തീയതി 13.08.2019

# സർക്കുലർ

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - 20.08.2019-ന് രാവിലെ 10.30-ന് IMG Conference Hall-ൽ ചേരുന്ന RTI Act-മായി ബന്ധപ്പെട്ട മുഴുവൻ ദിവസ അവബോധ പരിപാടി - സംബന്ധിച്ച്

സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ വിവരാവകാശ നിയമത്തെക്കുറിച്ച് സംസ്ഥാന തലത്തിൽ കൂടുതൽ അവബോധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തുടക്കം കുറിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പിലെ (ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ, ഒന്നാം അപ്പീൽ അധികാരികൾ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, ബ്ലോക്ക്തല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരെ ഉൾപ്പെടുത്തി <u>20.08.2019-ന് രാവിലെ 10.30-ന് തിരുവനന്തപുരം IMG Conference Hall-ൽ</u> ഒരു മുഴുദിന അവബോധ പരിപാടി നടത്തുന്നതാണെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. കേരള ഗവർണർ ഉദ്ഘാടനം നിർവഹിക്കുന്ന പ്രസ്തുത പരിപാടിയിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിക്കുന്നതാണ്. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിനായി മേൽ സൂചിപ്പിച്ച എല്ലാ ഉദ്യോഗസ്ഥരും കൃത്യമായും രാവിലെ 10.00 മണിയ്ക്ക് മുൻപായി തന്നെ ഹാജരാകേണ്ടതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ്

1) എക്സി. എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ, തിരുവനന്തപുരം
2) തിരുവനന്തപുരം ജില്ലയിലെ എല്ലാ ബ്ലോക്ക്പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർമാർക്കും (അസി. എക്സി. എഞ്ചിനീയർമാർ അവരവരുടെ ബ്ലോക്ക്പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയർമാർക്ക് വിവരം കൈമാറേണ്ടതാണ്)
3) തിരുവനന്തപുരം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയർമാർക്കും
4) കരുതൽ ഫയൽ